# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

### എം. ജി. എൻ. ആർ. ഇ. എ പ്രവർത്തന മാർഗ്ഗനിർദ്ദേശം - 2013

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3511

10.04.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീമതി ഗീത ഗോപി<br>ശ്രീ. ഇ. കെ. വിജയൻ<br>ശ്രീ പി. തിലോത്തമൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഗ്രാമീണ വികസന വകുപ്പ് എം.ജി.എൻ.ആർ.ഇ.എ പ്രവർത്തന മാർഗ്ഗനിർദ്ദേശം - 2013 പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ ഏറ്റെടുക്കാൻ പാടില്ലാത്ത പ്രവർത്തികളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവ എതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തന മാർഗ്ഗനിർദ്ദേശം 2013 പ്രകാരം ഏറ്റെടുക്കാൻ പാടില്ലാത്ത പ്രവൃത്തികളുടെ പട്ടിക ചുവടെ ചേർക്കുന്നു.<br>1. ഭൂവികസനം ഏറ്റെടുത്തിട്ടുള്ള സ്ഥലങ്ങളിൽ തരിശുനിലങ്ങളെ കൃഷിഭൂമിയാക്കാൻ ഒറ്റത്തവണ ഭൂവികസനം എന്ന പ്രോജക്ടിന്റെ ഭാഗമല്ലാതെ കരികൽ, ചരൽകല്ല്, കുറ്റിച്ചെടി എന്നിവ നീക്കം ചെയ്യൽ, ചെളിവാരലും അതുപോലുള്ള മറ്റു പ്രവൃത്തികളും അനുവദനീയമല്ലാത്തതും എപ്പോഴെങ്കിലും ഭൂവികസനം ഏറ്റെടുക്കുന്നുണ്ടെങ്കിൽ അത് ചില വ്യക്തികളുടെ ഭൂമിയിലെന്നതിനു പകരം സ്ഥലസമീപനത്തോട് കൂടിയ പ്രത്യേകിച്ചും മൈക്രോ- വാട്ടർ ഷെഡ് അടിസ്ഥാനത്തിലാക്കുന്നത് നന്നായിരിക്കും.<br>2. സാധാരണ കൃഷിപ്രവർത്തനങ്ങളായ ഭൂമി ഒരുക്കൽ, നിലം ഉഴുകൽ, കള നീക്കം ചെയ്യൽ, മണ്ണിളക്കൽ, ജലസേചനം, കൊയ്ത്ത്, പ്രൂണിംഗ് പോലുള്ള മറ്റു പ്രവൃത്തികൾ എന്നിവ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമല്ല |

| | | | |
|---|---|---|---|
| | | | 3. ഭക്ഷ്യധാന്യവിളകൾ, പച്ചക്കറികൾ, കൃഷി തുടങ്ങിയ കൃഷിസംബന്ധമായ പ്രവൃത്തികളൊന്നും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുവാൻ പാടില്ല. വിത്ത്, വളം, കീടനാശിനിപോലുള്ളവയുടെ വിലയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തരുത്<br>4. വനവത്കരണം, ഉദ്യാന നിർമ്മാണം എന്നിവയിൽ മാത്രം രണ്ടോ മൂന്നോ വർഷത്തേക്ക് കളപറിക്കലിനും നനയ്ക്കലിനും ആവശ്യമാകുന്ന പക്ഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ട് ഉപയോഗിക്കാവുന്നതാണ്. ഈ കാലാവധി കഴിയുമ്പോൾ ഉദ്യാനകൃഷിയിൽ ഫലമുണ്ടാകാൻ തുടങ്ങുകയും അതിനുശേഷം കളപറിക്കലും നനയ്ക്കലുമൊക്കെ സാധാരണചെലവിന്റെ ഭാഗമായി മാറും എന്ന് കണക്കാക്കാവുന്നതാണ്. അപ്രകാരം രണ്ടോ, മൂന്നോ വർഷം തികയുമ്പോൾ പ്ലാന്റേഷനിലെ വൃക്ഷങ്ങൾക്ക് ആവശ്യത്തിനു പൊക്കം വയ്ക്കുകയും ചുറ്റുമുള്ള പ്രദേശങ്ങളിലെ ഉയർച്ചതാഴ്ചകളെ മറ്റ് രൂപത്തിലുള്ള ഭൗതികഘടനകൾകൊണ്ട് നിലനിൽക്കാൻ കഴിയുമെന്നും വിചാരിക്കണം. ഹോർട്ടികൾച്ചറിലും ഫോറസ്ട്രിയിലും കളപറിക്കൽ നനയ്ക്കൽ മുതലായവയ്ക്ക് വേണ്ടിവരുന്ന സമയക്രമവും മനുഷ്യദിനങ്ങളുടെ എണ്ണം എന്നിവയുടെ നിരക്ക് സ്റ്റേറ്റ് അഗ്രികൾച്ചർ/ഹോർട്ടികൾച്ചർ/ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് നിശ്ചയിക്കുകയും ആയത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പ്രവൃത്തിയുടെ തുകയിൽ ഉൾപ്പെടുത്താവുന്നതുമാണ്.<br>അതേസമയം ഈ നിരക്കുകൾ അതതു വകുപ്പുകൾക്ക് സംസ്ഥാന ഫണ്ടിൽ നിന്നോ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായോ ഏറ്റെടു |

| | | | |
|---|---|---|---|
| | | | ക്കാവുന്ന പ്രവൃത്തികൾക്ക് ബാധക മാകുന്ന രീതിയിലായിരിക്കണം. |
| (ബി) | നെൽകൃഷിയും ഭൂവികസനവും പ്രസ്തുത പദ്ധതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | കേന്ദ്രസർക്കാരാണ് നെൽകൃഷി തൊഴിലുറപ്പ് പദ്ധതിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ ഭൂവികസനപ്രവൃത്തികൾ തൊഴിലുറപ്പ് പ്രവൃത്തിയിൽ ഏറ്റെടുക്കാവുന്നതാണ്. |
| (സി) | കയർ മേഖലയേയും കൈത്തറി മേഖലയേയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ? | (സി) | കയർ മേഖലയും കൈത്തറി മേഖലയും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണ മെന്ന ആവശ്യം കേന്ദ്രസർക്കാരിന് മുന്നിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും അനുകൂല തീരുമാന മായിട്ടില്ല. |

സെക്ഷൻ ഓഫീസർ